പുളിമാത്ത് പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതിയുടെ പണി

899 [1330] *ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ നിയോജകമണ്ഡലത്തിൽ പുളിമാത്ത് പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതിയുടെ പണി ആരംഭിച്ചതെന്നാണ് ;

(ബി) പ്രസ്തുത പണി എത്രമാത്രം പുരോഗമിച്ചു ;

(സി) അത് എന്ന് പൂർത്തിയാക്കി ശുദ്ധജല വിതരണം തുടങ്ങുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 24-11-1984-ൽ ആരംഭിച്ചു.

(ബി) പൈപ്പ് കുഴിച്ചിടുന്ന ജോലി 80% വും കിണറിന്റെ പണി 10% വും പൂർത്തിയായിട്ടുണ്ട്.

(സി) 1987 ജൂൺ മാസത്തിൽ പൂർത്തീകരിക്കാമെന്ന് പ്രതീക്ഷിക്കുന്നു.

മുളക്കുളം പഞ്ചായത്തിലെ ശുദ്ധജല വിതരണം

900 [1331] ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുളക്കുളം പഞ്ചായത്തിൽ പല സ്ഥലങ്ങളിലും പൈപ്പ് ലൈൻ ഉണ്ടെങ്കിലും വല്ലപ്പോഴുമൊക്കയേ വെള്ളം കിട്ടുന്നുള്ളൂ എന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പഞ്ചായത്തിലെ എല്ലാ ഭാഗങ്ങളിലും വെള്ളം കിട്ടുന്നതിന് ഒരു വാട്ടർ ടാങ്ക് പണിയുന്നതിനുള്ള നടപടി എന്തായി ;

(സി) ഉടനെ തന്നെ ടാങ്കിന്റെ പണി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽ പെട്ടിട്ടില്ല.

(ബി) വാട്ടർ ടാങ്കിന്റെ ടെൻഡർ വിളിച്ചെങ്കിലും കരാറുകാരൻ പിൻ വാങ്ങിയതിനാൽ വീണ്ടും ടെൻഡർ വിളിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു.

(സി) നടപടി സ്വീകരിക്കുന്നതാണ്.

ചെല്ലാനം പഞ്ചായത്തിലെ ശുദ്ധ ജലവിതരണത്തിലെ സ്തംഭനാവസ്ഥ

901 [1336] ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെല്ലാനം പഞ്ചായത്തിൽ 1 മുതൽ 3 വാർഡു വരെയുള്ള ഭാഗത്ത് ശുദ്ധജല വിതരണം പൂർണ്ണമായി സ്തംഭിച്ചിരിക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly